# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSA KLM P6/1550/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 07/11/2023
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് (ഉപരിപത്രം സഹിതം)
2.എ.ഡി.സി. (ജനറൽ)

നമ്പർ: KSA KLM P6/1550/23 തീയ്യതി: 07/11/2023

## കൊല്ലം ജില്ലയിലെ കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-02-2023 മുതൽ 31-07-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി അമ്പിളി എം ഡി | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 18-08-2023 | 23-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 18-08-2023 | 23-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1. ശ്രീ പ്രദീപ് കുമാർ ഓഡിറ്റ് ഓഫീസർ
2.ശ്രീമതി അമ്പിളി ജി അസി.ഓഡിറ്റ് ഓഫീസർ
3. ശ്രീ അനീഷ് വി എസ് സീ.ഗ്രേ.ഓഡിറ്റർ
4.ശ്രീ ശ്രീകുമാർ ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. എം. ശിവപ്രസാദ് | പ്രസിഡന്റ് | 01-04-2022 | 23-02-2023 |
| ശ്രീമതി. എം. ലീലാമ്മ | പ്രസിഡന്റ് | 24-02-2023 | 15-03-2023 |
| ശ്രീ. എ. അഭിലാഷ് | പ്രസിഡന്റ് | 16-03-2023 | 31-03-2023 |
| ശ്രീ. അജയരാജ് എസ് | സെക്രട്ടറി | 01-04-2022 | 02-07-2022 |
| ശ്രീ. ബിനു വി. നായർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 03-07-2022 | 07-07-2022 |
| ശ്രീ. ദിനിൽ ആർ | സെക്രട്ടറി | 08-07-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സച്ചിൻദാസ് എസ്. ആർ. | പട്ടികജാതി വികസന ഓഫീസർ ഗ്രേഡ്-I | 01-04-2022 | 31-03-2023 |
| ശ്രീമതി. സുനില എൻ. എസ്. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി. ബീന നാരായണൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി. ജയശ്രീ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ. സുരേഷ് എൻ | ക്ഷീര വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി. ലേഖ എം. | സി.ഡി.പി.ഒ. | 01-04-2022 | 31-05-2022 |
| ശ്രീമതി. ഇന്ദിര കുമാരി ആർ | സി.ഡി.പി.ഒ. | 01-06-2022 | 20-12-2022 |
| ശ്രീമതി. ശ്രീദേവി എസ് | സി.ഡി.പി.ഒ. | 21-12-2022 | 31-03-2023 |
| ഡോ. സുനിത ശിവദാസൻ | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.) | 01-04-2022 | 31-03-2023 |
| ശ്രീ. പി. എ. അൻസാർ | വ്യവസായ വികസന ഓഫീസർ | 01-04-2022 | 31-10-2022 |
| ശ്രീമതി. അമൃത എസ്. | വ്യവസായ വികസന ഓഫീസർ | 01-11-2022 | 31-03-2023 |
| ഡോ. ആർ. ബിന്ദു | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | വാർഷിക ധനകാര്യ പത്രികയോടൊപ്പം അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് /ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. | 1-1-3 |
| 5 | ഗുണഭോക്തൃവിഹിതം അക്കൗണ്ട് ചെയ്യുന്നതിൽ അപാകത | 1-1-4 |
| 6 | ട്രഷറി പേയ്മെന്റ് ആകാത്ത ബില്ലുകൾ Web Saankhya ACR ൽ നിന്നും ഒഴിവാക്കിയില്ല | 1-1-5 |
| 7 | റിഡംപ്ഷൻ ഇനത്തിൽ 70,000/- രൂപയുടെ വ്യത്യാസം | 1-1-6 |
| 8 | ഇ ഗ്രാം - CFC Tied - CFC Basic ഗ്രാന്റുകളുടെ ചെലവ് അക്കൗണ്ട് ചെയ്തതിൽ അപാകത | 1-1-7 |
| 9 | ആർദ്രം അവാർഡ് വരവ് - ചെലവ് ബാദ്ധ്യത ശീർഷകത്തിൽ അക്കൗണ്ട് ചെയ്തില്ല | 1-1-8 |
| 10 | ബജറ്റ് | 1-2 |
| 11 | സാമ്പത്തിക വിശകലനം | 1-3 |
| 12 | ഗ്രാന്റ് വിനിയോഗം | 1-4 |
| 13 | പദ്ധതി അവലോകനം | 1-5 |
| 14 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 15 | ക്യാഷ് പരിശോധന | 1-7 |
| 16 | ആഭ്യന്തരനിയന്ത്രണം (ഓഡിറ്റ് മാനുവൽ പാർട്ട് 1 അനുബന്ധം ബി) | 1-8 |
| 17 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 18 | റോഡ് നവീകരണ പ്രവൃത്തി - ടാറിങ് പ്രവൃത്തികൾ പൂർണ്ണമായും ഒഴിവാക്കി കോൺക്രീറ്റ് പ്രവൃത്തി മാത്രം നിർവ്വഹിച്ചു. സാഹചര്യം വിശദീകരിക്കണം. 4,86,170/-രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. | 1-10 |
| 19 | മരാമത്ത് പ്രവൃത്തി - നിർവ്വഹിച്ചതിലും അധികമായി അളവു രേഖപ്പെടുത്തി തുക നൽകി - 7,974/-രൂപയുടെ നഷ്ടം | 1-11 |
| 20 | ബ്ലോക്ക് പഞ്ചായത്ത് കോൺഫറൻസ് ഹാൾ നവീകരണം - സ്ഥാപിക്കാത്ത | 1-12 |

| | | |
|---|---|---|
| | ഫാനുകളുടെ വില നൽകി. | |
| 21 | ഒരേ ബില്ല് ഉപയോഗിച്ച് രണ്ടു തവണ പണം അനുവദിച്ചു - 3,000/- രൂപയുടെ ചെലവ് നിരാകരിക്കുന്നു | 1-13 |
| 22 | ഗോരക്ഷ പദ്ധതി - ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത പദ്ധതി നൂതന പദ്ധതിയായി ആവിഷ്കരിച്ചു - ചെലവഴിച്ച തുക അംഗീകരിക്കുന്നില്ല. | 1-14 |
| 23 | എസ്.സി. വിദ്യാർത്ഥികൾക്ക് പഠനമുറി - ആവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല - ചെലവ് തടസ്സപ്പെടുത്തുന്നു. | 1-15 |
| 24 | ഡെപ്പോസിറ്റ് പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-16 |
| 25 | 31,512/- രൂപ ജി.എസ്.ടി.- ടിഡിഎസ് ഇനത്തിൽ സ്രോതസ്സിൽ കുറവ് ചെയ്യാതെ തുക അനുവദിച്ചു | 1-17 |
| 26 | ചട്ടപ്രകാരമല്ലാതെ റീ-ടെന്റർ നടത്തിയതുമൂലം അധിക ചെലവ് : 27,206/-രൂപയുടെ നഷ്ടം | 1-18 |
| 27 | സി.എച്ച്.സി. ക്ക് മരുന്ന് വാങ്ങൽ - 11,13,680/- രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല | 1-19 |
| 28 | ഒരേ മരാമത്ത് പ്രവൃത്തിക്ക് ഒന്നിൽ കൂടുതൽ ഫയൽ - വിശദീകരണം ലഭ്യമാക്കിയില്ല : ചെലവ് തുക 3,80,277/-രൂപ തടസ്സത്തിൽ വയ്ക്കുന്നു. | 1-20 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | മരാമത്ത് പ്രവൃത്തി-നിർവ്വഹിച്ചതിലും അധികമായി അളവു രേഖപ്പെടുത്തി തുക നൽകി-7974/-രൂപയുടെ ചെലവ് നിരാകരിക്കുന്നു. | 3-1 |
| 2 | ചട്ടവിധേയമല്ലാതെ റീ-ടെന്റർ നടത്തി : 27,206/-രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. | 3-2 |
| 3 | ഒരേ ബില്ല് ഉപയോഗിച്ച് രണ്ടു തവണ പണം അനുവദിച്ചു 3,000/- രൂപയുടെ ചെലവ് നിരാകരിക്കുന്നു | 3-3 |
| 4 | ഗോരക്ഷ പദ്ധതി - ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത പദ്ധതി നൂതന പദ്ധതിയായി ആവിഷ്കരിച്ചു - ചെലവഴിച്ച തുക | 3-4 |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തിയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |

| | | |
|---|---|---|
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധപത്രികകൾ | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സാക്ഷ്യപത്രം

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4), കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3 എന്നിവയും സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും അനുവർത്തിക്കേണ്ട നിർദ്ദേശങ്ങളും അനുസരിച്ച് തയ്യാറാക്കിയ കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 31-03-2023ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, ബാലൻസ് ഷീറ്റ് എന്നിവ ഉൾപ്പെടുന്ന ധനകാര്യ പത്രികകളും, നിർദ്ദിഷ്ട അനുബന്ധ ഫോറങ്ങളും 10/07/2023 ലെ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 3/1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് 10-07-2023 ൽ ഓഡിറ്റിന് സമർപ്പിച്ചത് ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തത്തിൽ തയ്യാറാക്കിയ ഈ അക്കൗണ്ടുകളിന്മേൽ, ഫിനാൻഷ്യൽ ഓഡിറ്റ് നടത്തി അഭിപ്രായം രേഖപ്പെടുത്തുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനായി C&AG പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളും ഓഡിറ്റിംഗ് സ്റ്റാന്റേർഡുകളും അനുസരിച്ചാണ് ഞാൻ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളില്ലാത്തതാണ് എന്ന് ന്യായമായും ഉറപ്പ് വരുത്തുന്നതരത്തിൽ ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നിർവഹിക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകൾക്കും വെളിപ്പെടുത്തലുകൾക്കും അടിസ്ഥാനമായ തെളിവുകൾ പരിശോധിക്കുന്നതും, ഉപയോഗിച്ചിരിക്കുന്ന അക്കൗണ്ടിംഗ് തത്വങ്ങളുടെയും തയ്യാറാക്കിയിരിക്കുന്ന പ്രസക്തമായ എസ്റ്റിമേറ്റുകളുടെയും വിലയിരുത്തലും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണത്തിന്റെ വിലയിരുത്തലും ഓഡിറ്റിൽ നിർവഹിച്ചിട്ടുണ്ട്. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III) എനിക്ക് ആവശ്യമായതും ലഭ്യമായതുമായ വിവരങ്ങളെയും വിശദീകരണങ്ങളെയും അടിസ്ഥാനമാക്കിയും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി ലഭിച്ച പരമാവധി വിവരങ്ങളുടെ അടിസ്ഥാനത്തിലും, അവയിന്മേൽ നൽകപ്പെട്ട വിശദീകരണങ്ങൾ പരിഗണിച്ചും അനുബന്ധ റിപ്പോർട്ടിലെ നിരീക്ഷണങ്ങൾക്ക് വിധേയമായും ഞാൻ താഴെ പറയും പ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ സാക്ഷ്യപത്രം

അനുബന്ധ റിപ്പോർട്ടിലെ വിശേഷണങ്ങളോടുകൂടിയ അഭിപ്രായത്തിന് ആധാരമായി വിവരിച്ചിരിക്കുന്ന കാര്യങ്ങളിൽ ഒഴികെ അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 ലെ വാർഷിക ധനകാര്യ പത്രികകൾ സാമ്പത്തിക നിലയെക്കുറിച്ചും സാമ്പത്തിക ഫലത്തെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

### 1-1-1 വാർഷിക ധനകാര്യ പത്രികയോടൊപ്പം അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

റേഷ്യോസ്.

### 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

ഓപ്പറേറ്റിംഗ്, ഇൻവെസ്റ്റിംഗ്, ഫിനാൻസിംഗ് പ്രവൃത്തികളിൽ ജനറേറ്റ് ചെയ്ത ക്യാഷ് = ( - )4,50,939/-രൂപ.

മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം (40b-40a) = 4,94,134/-രൂപ.

വ്യത്യാസം = 9,45,073/-രൂപ.

### 1-1-3 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് /ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

2022-23 സാമ്പത്തിക വർഷം ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് /ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടാത്തതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു

| B-17 പ്രകാരം ബാങ്ക് ബുക്ക് നീക്കിയിരുപ്പ് | | B-4 പ്രകാരമുള്ള ബാദ്ധ്യത | | വ്യത്യാസം (₹) |
|---|---|---|---|---|
| അക്കൗണ്ട് നം | തുക (₹) | അക്കൗണ്ട് ശീർഷകം | തുക (₹) | |
| TSB 799011400000924 Joint Venture | 16,62,301/- | 2022-23 പ്രസ്തുത അക്കൗണ്ടിൽ നിന്നും ഭവന നിർമ്മാണത്തിനായി 97,15,684 രൂപ ചെലവഴിച്ചത് B-4 പ്രകാരമുള്ള ബാദ്ധ്യത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടില്ല. | | 16,62,301/- |
| ബാദ്ധ്യത ശീർഷകങ്ങളിൽ തൻവർഷം വരവ് ചെലവ് ഇല്ല. 16,30,000/- രൂപ ഉണ്ട് എന്ന് വ്യക്തമല്ല. | | 320700208 | 6,30,000/- | 54,122/- |
| | | 320700404 | 1000000/- | 54122/- |

### 1-1-4 ഗുണഭോക്തൃവിഹിതം അക്കൗണ്ട് ചെയ്യുന്നതിൽ അപാകത

എ) ഗ്രാന്റ് ഇനത്തിൽ അധികം പിൻവലിച്ച 1,87,326/- രൂപ ഗുണഭോക്തൃവിഹിതം/ മിസലേനിയസ് റെസീപ്റ്റ് ശീർഷകത്തിൽ നീക്കിയിരുപ്പായി അവശേഷിക്കുന്നു.

പ്രോജക്ട് നം 75/2022-23, ഗോ രക്ഷ പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് വികസന ഫണ്ട് (ജനറൽ)-ൽ നിന്നും അധികമായി പിൻവലിച്ച 1,87,326/- രൂപയിൽ 71,818/- രൂപ മിസലേനിയസ് റെസീപ്റ്റ് ശീർഷകത്തിലും, 1,15,508/- രൂപ ഗുണഭോക്തൃവിഹിതം ശീർഷകത്തിലും അവശേഷിക്കുന്നു. (വിശദാംശം ഓഡിറ്റ് എൻക്വയറി നം. 08/2022-23).

ബി) ഗുണഭോക്തൃവിഹിതം ചെലവ് അക്കൗണ്ട് ചെയ്തതിൽ 27,000/- രൂപ കുറവ്

പ്രോജക്ട് നം. 73/2022-23 ൽ ചെക്ക് നം. 62378254 തീ. 29-03-2023 പ്രകാരം 37,500/- രൂപയുടെ ചെലവ് ഉണ്ട് എന്നാൽ വൗച്ചർ നം. 42200033 തീ. 31/03/2023 പ്രകാരം 10,500/- രൂപ മാത്രമാണ് കുറവ് ചെയ്തത്. 27,000/-രൂപയുടെ വ്യത്യാസം പരിഹരിച്ചിട്ടില്ല.

### 1-1-5 ട്രഷറി പേയ്മെന്റ് ആകാത്ത ബില്ലുകൾ Web Saankhya ACR ൽ നിന്നും ഒഴിവാക്കിയില്ല

2022-23 സാമ്പത്തിക വർഷം വിവിധ ഫണ്ടുകളിൽ നിന്നും പേയമെന്റ് നൽകുന്നതിനായി ട്രഷറിയിൽ സമർപ്പിച്ചിട്ടുള്ളതും എന്നാൽ 2022-23 ൽ പേയ്മെന്റ് ആകാത്തതുമായ ബില്ലുകൾ അതാത് ഫണ്ടുകളുടെ ACR ൽ നിന്നും ഒഴിവാക്കിയിട്ടില്ലാത്തതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു

| ബിൽ നം. | തീയതി | പ്രോജക്ട് നം. | തുക (₹) |
|---|---|---|---|
| വികസന ഫണ്ട് ജനറൽ | | | |
| 249 | 27-03-2023 | 38 | 45,915/- |
| 279 | 30-03-2023 | 84 | 1,38,981/- |
| ആകെ | | | 1,84,896/- |
| വികസന ഫണ്ട് - എസ്. സി. പി. | | | |
| 282 | 31-03-2023 | 43 | 4,40,000/- |
| 283 | 31-03-2023 | 43 | 1,60,000/- |
| 285 | 31-03-2023 | 43 | 74,977/- |

| | | | |
|---|---|---|---|
| ആകെ | | | 6,74,977/- |

### 1-1-6 റിഡംപ്ഷൻ ഇനത്തിൽ 70,000/- രൂപയുടെ വ്യത്യാസം

2021-22 റിഡംപ്ഷൻ നീക്കിയിരുപ്പ് = 1,26,80,627/-രൂപ

TSB A/c No – 799013000000974 തിരികെ ലഭിച്ച തുക = 22,32,642/-രൂപ

TSB A/c No – 799013000000924 തിരികെ ലഭിച്ച തുക = 1,03,77,985/-രൂപ

ആകെ തിരികെ ലഭിച്ച തുക = 1,26,10,627/-രൂപ

വ്യത്യാസം = 70,000/-/-രൂപ

### 1-1-7 ഇ ഗ്രാം - CFC Tied - CFC Basic ഗ്രാന്റുകളുടെ ചെലവ് അക്കൗണ്ട് ചെയ്തതിൽ അപാകത

Indian Bank അക്കൗണ്ട് നമ്പർ 7003143672 ൽ നടത്തിയ ചെലവ്

| ഫണ്ട് ഇനം | ACR/ Sulekha പ്രകാരമുള്ള ചെലവ് | അക്കൗണ്ട് ശീർഷകത്തിൽ ജേണൽ പ്രകാരം വരുത്തിയ ചെലവ് |
|---|---|---|
| CFC Tied (320200111) | 33,84,348/-രൂപ | 37,47,641/-രൂപ |
| CFC Basic (320200112) | 34,92,964 /-രൂപ | 31,47,013/-രൂപ |

### 1-1-8 ആർദ്രം അവാർഡ് വരവ് - ചെലവ് ബാദ്ധ്യത ശീർഷകത്തിൽ അക്കൗണ്ട് ചെയ്തില്ല

ആർദ്രം അവാർഡ് ഇനത്തിൽ 22/01/2022 ൽ 3,00,000/- രൂപ വരവ് വന്നതിൽ ചെക്ക് നം. 850469 തീ. 29/03/2023 പ്രകാരം 2,45,681/- രൂപയും, ചെക്ക് നം. 850470 തീ. 29/03/2023 പ്രകാരം 2,103/- രൂപയും ഫൈൻ ഇനത്തിൽ 420/-രൂപയുമുൾപ്പടെ 2,48,204/- രൂപ ചെലവ് ഉണ്ട്. എന്നാൽ പ്രസ്തുത വരവ് -ചെലവ് ബാദ്ധ്യത ശീർഷകത്തിൽ അക്കൗണ്ട് ചെയ്തില്ല.

### 1-2 ബജറ്റ്

2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് 30.03.2022 ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് കമ്മിറ്റിയുടെ 20.02.2023 ലെ 1-ാം നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 43,65,411/-രൂപ |
| വരവ് | 8,22,70,970/-രൂപ |
| ആകെ | 8,66,36,381/-രൂപ |
| ചെലവ് | 8,17,76,836/-രൂപ |
| നീക്കിയിരിപ്പ് | 48,59,545/-രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം | 5,13,908/-രൂപ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 92,67,847/-രൂപ |

### 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | ഒ.ബി. (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | സി .ബി. (₹) |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | - | 2,20,92,000/- | 2,20,92,000/- | 2,14,61,233/- | 6,30,767/- |
| വികസന ഫണ്ട്-എസ്.സി.പി. | - | 1,75,25,000/- | 1,75,25,000/- | 1,65,90,352/- | 9,34,648/- |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ്, നോൺ-റോഡ് | - | 72,73,000/- | 72,73,000/- | 72,72,552/- | 448/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) ട്രഷറി | - | 7,24,409/- | 7,24,409/- | 3,02,657/- | 4,21,752/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) ട്രഷറി | - | 86,570/- | 86,570/- | 76,836/- | 9,734/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) ബാങ്ക് | 1,24,449/- | 53,43,000/- | 54,67,449/- | 37,47,641/- | 17,19,808/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) ബാങ്ക് | 9,21,910/- | 3562000 + 149083(int) = 37,11,083/- | 46,32,993/- | 31,47,013/- | 14,85,980/- |
| കേന്ദ്രാവിഷ്കൃത ഗ്രാന്റ് | | | | | |
| M.P. L.A.D | 3,43,385/- | 25,87,079/- | 29,30464/- | 25,38,626 | 3,91,838/- |
| TSC | 2,88,514/- | 53,009/- | 3,41,523/- | 0 | 3,41,523/- |
| MNREGS (Administrative Expense) | 21,833/- | 7,34,233/- | 7,56,066/- | 2,89,717/- | 4,66,349/- |
| I.A.Y (Plan) | 3,15,721/- | 9,253/- | 3,24,974/- | 295/- | 3,24,679/- |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | |
| കേരളോൽസവം | 17,663/- | 1,00,000/- | 1,17,663/- | 1,00,000/- | 17,663/- |

മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് ഇനത്തിൽ എ.സി.ആർ. ബിൽ നം. 29/31.08.2022 പ്രകാരം ചെലവഴിച്ച 2,22,961/- രൂപ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല (പ്രോജക്ട് നം. 26).

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 98 | 7,90,61,425/- | 78 | 6,33,75,508/- | 12 | 8 | 79% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് (₹) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 21,833/- | 7,34,233/- | 7,56,066/- | 2,89,717/- | 4,66,349/- |

## 1-7 ക്യാഷ് പരിശോധന

നീക്കിയിരിപ്പില്ല.

## 1-8 ആഭ്യന്തരനിയന്ത്രണം (ഓഡിറ്റ് മാനുവൽ പാർട്ട് 1 അനുബന്ധം ബി)

* ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമായ ക്ഷേമചുമതലകളും സാമ്പത്തിക വികസന പ്രവർത്തനങ്ങളും ജനപങ്കാളിത്തത്തോടെ ആവിഷ്കരിച്ച് നിർവഹണം നടത്തുന്നതിന് ഉതകുന്ന ഭരണ സംവിധാനം പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നു.

* ഉദ്യോഗസ്ഥരുടെ ചുമതലകൾ വ്യക്തമായി നിർവചിക്കുകയും ഓഫീസ് ഉത്തരവുകളുടെ അടിസ്ഥാനത്തിൽ വിഭജിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

* പഞ്ചായത്തിന്റെ വരുമാനങ്ങൾ, ചെലവുകൾ, ബാദ്ധ്യതകൾ, ആസ്തികൾ എന്നിവ ഉൾപ്പെടുന്നതും സാമ്പത്തിക വർഷത്തെ ധനപരവും പ്രവർത്തനപരവുമായ ലക്ഷ്യങ്ങൾ വ്യക്തമാക്കുന്നതുമായ ബജറ്റ് അവതരിപ്പിക്കുകയും ചെലവുകൾക്ക് ബജറ്ററി നിയന്ത്രണം വരുത്തുകയും ചെയ്തിട്ടുണ്ട്.

* ബ്ലോക്ക് പഞ്ചായത്തിന് ബാധകമായ നിയമങ്ങൾക്കും ചട്ടങ്ങൾക്കും മാർഗനിർദ്ദേശങ്ങൾക്കും അനുസൃതമായി മിതവ്യയം പാലിച്ച് കാര്യക്ഷമമായി ഭരണനിർവഹണം സാദ്ധ്യമാക്കുന്നതിന് മാർഗനിർദ്ദേശങ്ങൾക്കനുസൃതമായ നിയന്ത്രണ സംവിധാനങ്ങൾ ഒരുക്കുവാൻ ഭരണനിർവഹണാധികാരികൾ പരിശ്രമിച്ചിട്ടുണ്ടെങ്കിലും ധനാഗമവിനിയോഗ നടപടിക്രമങ്ങൾ ചിട്ടപ്പെടുത്തുന്നതിലേയും പദ്ധതി നിർവഹണ പ്രവർത്തനങ്ങൾ ഫലപ്രാപ്തിയിലെത്തിക്കുന്നതിലേയും ജാഗ്രതക്കുറവ് പ്രകടമാണ്.

* വികസന പ്രവർത്തനങ്ങൾക്കായും ആസ്തികളുടെ പരിപാലനത്തിനുമായി ലഭ്യമായ ഫണ്ടുകൾ വാർഷിക പദ്ധതി നിർവഹണ പ്രവർത്തനങ്ങളിലൂടെ ഫലപ്രദമായി വിനിയോഗിക്കുവാൻ കഴിഞ്ഞിട്ടില്ല.

* പ്രോജക്ട് നടത്തിപ്പുകളിൽ തുടർ മോണിട്ടറിംഗ് സംവിധാനം അനിവാര്യം.

* PMAY ഭവനം, പഠനമുറി നിർമ്മാണം എന്നീ പദ്ധതി നിർവഹണ പ്രവർത്തനങ്ങളിൽ അപാകതകൾ കാണുന്നു.

* വിവിധ പദ്ധതികൾ മുഖേന മരുന്നുകൾ വാങ്ങൽ - തുക മുൻകൂർ നൽകിയിട്ടും മരുന്നുകൾ ലഭ്യമായില്ല.

* മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിലും നടപടി ക്രമങ്ങൾ പാലിക്കുന്നതിലും ഗുരുതര വീഴ്ചകൾ കാണുന്നു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.12.2022 To 20.12.2022 | 2021-22 | 25.04.2023 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.03.2023 To 28.03.2023 | 05/2017 To 02/2023 | 18.05.2023 |

## 1-10 റോഡ് നവീകരണ പ്രവൃത്തി - ടാറിങ് പ്രവൃത്തികൾ പൂർണ്ണമായും ഒഴിവാക്കി കോൺക്രീറ്റ് പ്രവൃത്തി മാത്രം നിർവ്വഹിച്ചു. സാഹചര്യം വിശദീകരിക്കണം. 4,86,170/-രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

പ്രോജക്ട് നം. S027/22-23 കുടിക്കോട് പുത്തൻകട പുന്നലഭാഗം റോഡ് നവീകരണം
അടങ്കൽ തുക – 5,00,000/-രൂപ (വികസന ഫണ്ട്-ജനറൽ).
ചെലവ് – 4,86,170/-രൂപ (ബിൽ നം.02/6.6.2022).
കരാറുകാരൻ : ശ്രീ. ആർ. സുരേഷ്.
കരാർ നം. – 18/AE/LSGD/KTR/21-22/22.9.21.
M.Book No.13/21-22.

ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ടും, ടെന്റർ നടപടികൾക്ക് വിധേയമാക്കിയ എസ്റ്റിമേറ്റും പ്രകാരം റോഡിന്റെ 315 Mtr നീളം 3 Mtr വീതിയിൽ Re Tarring ചെയ്യുന്നതിനും, തുടർന്നുള്ള 43 Mtrഭാഗം 3 Mtr വീതിയിൽ 0.15 Mtr ഘനത്തിൽ Concreting നടത്തുന്നതിനുമായിരുന്നു വിഭാവനം ചെയ്തിരുന്നത്. 01.122% കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. ആർ സുരേഷ് എന്ന വ്യക്തിയെ പ്രവൃത്തിയുടെ കരാറുകാരനായി 31.8.21 ൽ 4/1 നമ്പർ തീരുമാനത്തിലൂടെ ഭരണ സമിതി അംഗീകരിക്കുകയും ചെയ്തു.

തുടർന്ന് പദ്ധതി നിർവ്വഹണാധികാരിയുടെ ആവശ്യപ്രകാരം എസ്റ്റിമേറ്റ് പരിഷ്കരിക്കുന്നതിന് 31.1.22 ൽ 2/3 തീരുമാനത്തിലൂടെ ഭരണ സമിതി അനുമതി നൽകി. ആയതിനെ തുടർന്ന് 43 Mtr നിശ്ചയിച്ചിരുന്ന Road Concreting പ്രവൃത്തി 120.3 Mtr നീളത്തിൽ ആക്കി ഉയർത്തുകയും Retarring പ്രവൃത്തി പൂർണ്ണമായും ഒഴിവാക്കുകയും ചെയ്തു. പരിഷ്കരിച്ച എസ്റ്റിമേറ്റിൽ 75.8.1-PCC മാത്രമാണ് ഉൾക്കൊള്ളിച്ചിരിക്കുന്നതും നിർവ്വഹണം നടത്തിയിരിക്കുന്നതും. പരിഷ്കരിച്ച എസ്റ്റിമേറ്റ് റിപ്പോർട്ട് ഫയലിൽ ഇല്ല.

Retarring നിശ്ചയിച്ചിരുന്ന റോഡിൽ Scarrifing പ്രവൃത്തിയോ, Surface Leveling പോലും നടത്താതെ 75.8.1 PCC പ്രവൃത്തി മാത്രം ആകമാനം ഒരേ ഘനത്തിൽ (0.15mtr) ചെയ്യാനായി എസ്റ്റിമേറ്റ് പരിഷ്കരിച്ച് പ്രവൃത്തി നിർവ്വഹണം നടത്താനുണ്ടായ സാഹചര്യമെന്താണെന്നും, ഇത്തരത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയതിലും, പ്രവൃത്തി നിർവ്വഹണം നടത്തിയതിലും എഞ്ചിനീയറിങ് സാങ്കേതിക തത്വങ്ങൾ പാലിക്കപ്പെട്ടിട്ടുണ്ടോ എന്നും വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2/22.8.23) മറുപടി ലഭ്യമാക്കിയില്ല. 22.8.23ൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ ഓഡിറ്റ് നടത്തിയ സ്ഥല പരിശോധനയിൽ പദ്ധതി പ്രകാരം കോൺക്രീറ്റ് നടത്തിയിട്ടുള്ളതിനെ തുടർന്നുള്ള ഭാഗം ടാർ റോഡ് തന്നെയാണെന്നും, എന്നാൽ പുനരുദ്ധാരണം

ആവശ്യമായ നിലയിലാണെന്നും കാണാൻകഴിഞ്ഞിട്ടുണ്ട്. Retarring ഒഴിവാക്കി കോൺക്രീറ്റിംഗ് നടത്തേണ്ടിയിരുന്നതായ പ്രത്യേക സാഹചര്യങ്ങൾ ഒന്നും തന്നെ ബോദ്ധ്യപ്പെടാനും കഴിഞ്ഞിട്ടില്ല.

ബ്ലോക്ക് പഞ്ചായത്തിന്റെ തൻവർഷത്തെ മറ്റ് റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾക്കെല്ലാം തന്നെ ശരാശരി 20% ടെന്റർ സേവിങ്സ് ഉണ്ടായിട്ടുള്ളതായി കാണാൻ കഴിഞ്ഞിട്ടുണ്ട്. മേൽ പരാമർശിച്ച പ്രകാരം പദ്ധതിയുടെ എസ്റ്റിമേറ്റ് പരിഷ്കരിച്ചതിലൂടെ ടെന്റർ സേവിങ്സ് ഇനത്തിലും ഫണ്ട് നഷ്ടമുണ്ടായതായി നിരീക്ഷിക്കുന്നു.
മേൽ കാരണങ്ങളാൽ പദ്ധതി ചെലവ് 4,86,170/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വയ്ക്കുന്നു. അപാകതകൾക്കുമേൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-11 മരാമത്ത് പ്രവൃത്തി - നിർവ്വഹിച്ചതിലും അധികമായി അളവു രേഖപ്പെടുത്തി തുക നൽകി - 7,974/-രൂപയുടെ നഷ്ടം

പ്രോജക്ട് നം. SO 29/23 മലവിള ഹൗവ്വബീച്ച് റോഡ് കോൺക്രീറ്റ്.

TS No. 34209/21-22

അടങ്കൽ തുക : 7,00,000/-രൂപ (വികസന ഫണ്ട് -SCP).

ചെലവ് : 4,81,769/-രൂപ (ബിൽ നം. 4/6.6.22).

എം.ബുക്ക് നം. 18/21-22.

കരാറുകാരൻ : ശ്രീ. ബിനുഉമ്മൻ.

കരാർ നം. : 23/AE/LSGD/KTR/21-22/16.11.21.

പ്രവൃത്തിയുടെ അംഗീകൃത എസ്റ്റിമേറ്റിന്റെ 5-ാം ഇനമായ Dry Rubble Masonry...(75.7.1) 53.76m3 നിർവ്വഹിച്ചതായി എം ബുക്കിൽ രേഖപ്പെടുത്തി 2990/m3 എന്ന കരാർ നിരക്കിൽ 160742.40/-രൂപ കണക്കാക്കി അനുവദിച്ചിട്ടുണ്ട്. എന്നാൽ 22.08.2023 ൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ ഈ ഇനത്തിന്റെ കൃത്യമായ അളവ് 51.5$m^3$ മാത്രമാണെന്ന് ബോദ്ധ്യപ്പെടാൻ കഴിഞ്ഞു. ഇത് മൂലമുണ്ടായ അധിക ചെലവ് ചുവടെ കണക്കാക്കുന്നു.

2.26$m^3$ @ 2990/m3.................. = 6,757.4/-രൂപ
Add GST Componsation@18%...... =1,216.3/-രൂപ
ആകെ....................................= 7,974/-രൂപ

അപാകതയ്ക്കുമേൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം. 14/22.8.23) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.7,974/-രൂപ പ്രവൃത്തിയുടെ അളവുകൾ രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയറിൽനിന്നും, അളവുകൾ ചെക്ക് മെഷർ ചെയ്ത് സാക്ഷ്യപത്രം രേഖപ്പെടുത്തിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

## 1-12 ബ്ലോക്ക് പഞ്ചായത്ത് കോൺഫറൻസ് ഹാൾ നവീകരണം - സ്ഥാപിക്കാത്ത ഫാനുകളുടെ വില നൽകി.

ബ്ലോക്ക് പഞ്ചായത്ത് കോൺഫറൻസ് ഹാൾ നവീകരണം -സ്ഥാപിക്കാത്ത ഫാനുകളുടെ വില നൽകി.

| | |
|---|---|
| പ്രോജക്ട് | ബ്ലോക്ക് പഞ്ചായത്ത് കോൺഫറൻസ് ഹാൾ നവീകരണം |
| പ്രോജക്ട് നമ്പർ | 80/23 |
| അടങ്കൽ | 19,00,000/-രൂപ |
| ഫണ്ടിനം | 18,09,009/-രൂപ (വികസനഫണ്ട് – ജനറൽ)<br>90,991/-രൂപ (തനതുഫണ്ട്) |
| ചെലവ് | 18,09,009/- (വികസനഫണ്ട് – ജനറൽ)<br>50,191/-രൂപ (2023-24 തനതുഫണ്ട്) |

| | |
|---|---|
| ബിൽ നമ്പർ | 42/22-23/28-3-23 – 7,46,572/-രൂപ<br>44/22-23/31-3-23 – 10,62,437/-രൂപ |
| അക്രഡിറ്റഡ് ഏജൻസി | ആർട്ട് കോ ആലപ്പുഴ |
| ഇൻവോയ്സ് നമ്പർ | ALP 619/7-3- 10 എണ്ണം 3 |

പ്രസ്തുത പ്രോജക്ടിനായി നവീകരിച്ച കോൺഫറൻസ് ഹാളിൽ Wall Fans CROMPTON GREAVES (SSTORM 2) 10 എണ്ണം സ്ഥാപിച്ചതായിട്ടാണ് ബിൽ നൽകിയിരിക്കുന്നത്. എന്നാൽ സ്ഥല പരിശോധനയിൽ 8 എണ്ണം സ്ഥാപിച്ചതായിട്ടാണ് കണ്ടത്. എസ്റ്റിമേറ്റ് പ്രകാരമുള്ള എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുള്ളതായി കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുമുണ്ട്. വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി എട്ടെണ്ണം സ്ഥാപിച്ചതിനുശേഷം രണ്ടെണ്ണം സ്ഥാപിക്കാൻ പ്ലഗ് പോയിന്റ് ഇല്ലായിരുന്നു എന്നും നിലവിൽ കോൺഫറൻസ് ഹാൾ എയർ കണ്ടീഷനിംഗ് ചെയ്യാൻ തീരുമാനിച്ചിട്ടുള്ളതിനാൽ രണ്ടു ഫാനുകൾ ബ്ലോക്ക് ഓഫീസിൽ സൂക്ഷിച്ചിട്ടുണ്ടെന്നും അറിയിച്ചു. ഫാനുകൾ സ്ഥാപിച്ചിട്ടില്ലാത്തതിനാൽ രണ്ടു ഫാനുകൾക്കായി ചെലവഴിച്ച 12,720/- (6360x2) രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നം. 5/21-8-2023.
തടസ്സപ്പെടുത്തിയ തുക : 12,720/-രൂപ.

## 1-13 ഒരേ ബില്ല് ഉപയോഗിച്ച് രണ്ടു തവണ പണം അനുവദിച്ചു - 3,000/- രൂപയുടെ ചെലവ് നിരാകരിക്കുന്നു

മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. നെടുമൺകാവ് നിർവഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ പ്രോജക്ട് നമ്പർ 81/2022-23 (സി.എച്ച്.സി. വെള്ളക്കരം, വൈദ്യുതി ചാർജ്, ഫോൺ ചാർജ്, ഫ്യൂവൽ ചാർജ് ) എന്ന പദ്ധതിക്കായി 12/ 10 /2022 ലെ ബിൽ നമ്പർ 13 പ്രകാരം റോഡ് ഇതര ഫണ്ടിൽ നിന്നും 1,29,013/- രൂപ പിൻവലിച്ചു. മേൽ തുകയിൽ 40,500/-രൂപ ക്രമ നമ്പർ 8 മുതൽ 22 വരെയുള്ള വൗച്ചർ പ്രകാരം ഇന്ധന ചെലവിനായിട്ടാണ് വിനിയോഗിച്ചിരിക്കുന്നത്. ഇതിൽ ക്രമനമ്പറുകൾ 17, 19 എന്നിവ പ്രകാരം 3,000/- രൂപ വീതം KL-01-K-9008 എന്ന വാഹനത്തിന്റെ ഇന്ധനചെലവിന് ജീവൻ ഫ്യൂവൽസിന്റെ 15/07/2022 ലെ ഇൻവോയ്സ് നമ്പർ 9820 പ്രകാരമാണ് പിൻവലിച്ചിട്ടുള്ളത്. ഒരു ഇൻവോയ്സ് ഉപയോഗിച്ച് രണ്ട് പ്രാവശ്യം തുക പിൻവലിച്ചതിനാൽ 3,000/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

ഓഡിറ്റ് എൻക്വയറി നം. : 04/21-08-2023.
നിരാകരിക്കുന്ന തുക : 3,000/- രൂപ.

## 1-14 ഗോരക്ഷ പദ്ധതി - ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത പദ്ധതി നൂതന പദ്ധതിയായി ആവിഷ്കരിച്ചു - ചെലവഴിച്ച തുക അംഗീകരിക്കുന്നില്ല.

| | |
|---|---|
| പ്രോജക്ട് | 75/2022-23 ഗോരക്ഷ ക്ലിനിക് പദ്ധതി |
| നിർവഹണ ഉദ്യോഗസ്ഥൻ | ഡോ. ആർ. ബിന്ദു,<br>അസി. പ്രോജക്ട് ഓഫീസർ/ വെറ്ററിനറി സർജൻ<br>റിജിയണൽ ഐ. എച്ച്. സെന്റർ, കൊട്ടാരക്കര |
| വകയിരുത്തിയ ഫണ്ട് /തുക | വികസന ഫണ്ട് ജനറൽ - 4,75,728/-രൂപ |
| ചെലവഴിച്ച തുക | വികസന ഫണ്ട് ജനറൽ - 4,75,728/-രൂപ |

2022- 23 സാമ്പത്തിക വർഷം നടപ്പാക്കിയ ഗോരക്ഷാ ക്ലിനിക് പദ്ധതി, 250 ലിറ്ററിൽ കൂടുതൽ പ്രതിദിന പാൽ അളക്കുന്ന സംഘങ്ങൾ വഴി കർഷകർക്ക് 100/- രൂപ വരെയുള്ള വിറ്റാമിനുകൾ, ധാതുലവണ മിശ്രിതങ്ങൾ എന്നിവ സൗജന്യമായും അതിൽ കൂടുതൽ തുകയ്ക്ക് പകുതി വില ഈടാക്കിയും നടപ്പാക്കാൻ വിഭാവനം ചെയ്ത പദ്ധതിയാണ്. പദ്ധതിക്കായി ഗുണഭോക്താക്കളിൽ നിന്നും ക്ഷീര സംഘങ്ങൾ മുഖേന 1,87,326/- രൂപ ഗുണഭോക്തൃ വിഹിതം ഇനത്തിൽ പിരിച്ചെടുത്തിട്ടുണ്ട്. മരുന്നുകളുടെയും ധാതുലവണ മിശ്രിതങ്ങളുടെയും അനുബന്ധ ചെലവിനത്തിലും ആകെ 4,75,728/- രൂപ ചെലവ് വന്നിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

വികസന ഫണ്ടിൽ ( ജനറൽ) നിന്നും പിൻവലിച്ച തുക

| ബിൽ നം. | തീയതി | തുക (₹) |
|---|---|---|
| 01 | 22-02-2023 | 4,60,000/- |
| 02 | 13-03-2023 | 12,728/- |
| 03 | 20-03-2023 | 3,000/- |
| ആകെ | | 4,75,728/- |

ഗുണഭോക്തൃ വിഹിതം

വിവിധ ക്ഷീര സംഘങ്ങളുടെ പേരിൽ നൽകിയ രസീത് നം. 86/203 മുതൽ 100/203 വരെയും, 01/210 മുതൽ 03/210 വരെയും ഉള്ള രസീതുകൾ പ്രകാരം 2022-23 ൽ ആകെ 1,87,326/- രൂപ ഗുണഭോക്തൃ വിഹിതം ഇനത്തിൽ പിരിച്ചെടുത്തു. ആയതിൽ 17/02/2023, 20/02/2023 / 21/02/2023 ൽ ഒടുക്കിയ 59,947/- രൂപയും 09/03/2023 ൽ പിരിച്ചെടുത്ത 11,871/- രൂപയും ഗുണഭോക്തൃ വിഹിതം ശീർഷകത്തിൽ വരവ് സ്വീകരിക്കുന്നതിന് പകരം മിസലേനിയസ് റസീപ്റ്റ് ശീർഷകത്തിലാണ് വരവ് സ്വീകരിച്ചത്.

<u>പദ്ധതി ചെലവ്</u>

മരുന്ന് / ധാതുലവണം

1) നീതി മെഡിക്കൽ ഇൻവോയ്സ് നം. 22683/ 10-10-2022 = 4,60,000/-രൂപ.

<u>അനുബന്ധ ചെലവ്</u>

1) അസി. പ്രോജക്ട് ഓഫീസർ ഉത്തരവ് നം. എ256/2022 തീ. 27/02/2023 = 12,728/-രൂപ.

2) അസി. പ്രോജക്ട് ഓഫീസർ ഉത്തരവ് നം. എ256/2022 തീ. 17/03/2023 = 3,000/-രൂപ.

ആകെ പദ്ധതി ചെലവ് = 4,75,728/-രൂപ.

മേൽ വിവരിച്ച പ്രകാരം 4,75,728/-രൂപ പൂർണ്ണമായും വികസന ഫണ്ടിൽ നിന്ന് പിൻവലിച്ചാണ് ചെലവഴിച്ചിരിക്കുന്നത്. ഗുണഭോക്തൃ വിഹിതം ഇനത്തിൽ പിരിച്ചെടുത്ത 1,87,326/-രൂപ ചെലവഴിക്കാതെ തനത് ഫണ്ടിൽ സൂക്ഷിക്കുകയും വികസന ഫണ്ട് (ജനറൽ)-ൽ നിന്നും പദ്ധതി തുക പൂർണ്ണമായും പിൻവലിക്കുകയും ചെയ്തിട്ടുണ്ട്.

14-ാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ [സ.ഉ. (കൈ) നം. 115/2022 ത.സ്വ.ഭ.വ. തീയതി 28.05.2022] ഖ. 6.3(10) പ്രകാരം കന്നുകാലികൾക്കുള്ള ധാതുലവണങ്ങളും വിറ്റാമിനുകളും വിരമരുന്നും 100% സബ്സിഡി പരമാവധി ഉരു ഒന്നിന് 1,200/-രൂപ വരെ നൽകി ഗ്രാമപഞ്ചായത്തിന് നടപ്പാക്കാം എന്നിരിക്കെ ഇതേ പദ്ധതി നൂതന പദ്ധതിയായി അംഗീകരിച്ച് ബ്ലോക്ക് പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുള്ളത് മാർഗ്ഗരേഖാ ലംഘനമാണ്. 19.04.2022 ലെ സ.ഉ. 84/2022 പദ്ധതി മാർഗ്ഗരേഖ ഖ. 3.8.5 ൽ നൂതന പദ്ധതികൾക്ക് അംഗീകാരം നൽകുന്നതിനുള്ള പ്രത്യേക സംവിധാനം എന്ന നിലയിൽ ത്രിതല പഞ്ചായത്തുകൾക്കായി ജില്ലാ ആസൂത്രണ സമിതി ഒരു വിദഗ്ധ സമിതിയെ നിയോഗിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത സമിതി പരിശോധിക്കേണ്ട വിവരങ്ങൾ 3.8.5(3) ൽ ഉൾപ്പെടുത്തുകയും 3.8.5(4) ൽ ഇവ പ്രോജക്ട് വിഭാവനം ചെയ്തവരുമായി ചർച്ച ചെയ്ത് ഭേദഗതി ആവശ്യമാണെങ്കിൽ അവ കൂടി ഉൾപ്പെടുത്തി സാങ്കേതിക മികവുള്ള പ്രോജക്ടാണെന്ന് ഉറപ്പാക്കി അംഗീകാരം നൽകുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം പരിശോധനകൾ കൂടാതെ സബ്സിഡി മാർഗ്ഗരേഖയിൽ ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽപ്പെട്ടതും ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്തതുമായ പദ്ധതി നൂതന പദ്ധതിയായി അംഗീകരിച്ചിട്ടുള്ളത് ക്രമപ്രകാരമല്ല. മാർഗ്ഗരേഖകൾ പാലിക്കാതെ ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത പദ്ധതിക്കായി വികസന ഫണ്ടിൽ നിന്നും ചെലവ് ചെയ്ത 4,75,728/-രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ടി തുകയിൽ ഗുണഭോക്തൃവിഹിതമിനത്തിൽ പിരിച്ചെടുത്ത 1,87,326/-രൂപ തനത് ഫണ്ടിൽ സൂക്ഷിച്ചിട്ടുമുണ്ട്. ഇതുൾപ്പെടെ മാർഗ്ഗരേഖാ വിരുദ്ധമായി ചെലവഴിച്ച 4,75,728/-രൂപ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. : 8/22.08.2023.

നിരാകരിച്ച തുക : 4,75,728/- രൂപ.

1-15 എസ്.സി. വിദ്യാർത്ഥികൾക്ക് പഠനമുറി - ആവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല - ചെലവ് തടസ്സപ്പെടുത്തുന്നു.

എസ്. സി. വിദ്യാർത്ഥികൾക്ക് പഠനമുറി-ഗുണഭോക്താക്കളുടെ ആവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |
| പ്രോജക്ട് നമ്പർ | 45/23 |
| പ്രോജക്ട് | എസ്.സി. വിദ്യാർത്ഥികൾക്ക് പഠനമുറി |
| അടങ്കൽ | 62,00,000/-രൂപ |
| ഫണ്ടിനം | വികസനഫണ്ട് എസ്.സി.പി. |
| ചെലവ് | 62,00,000/-രൂപ |

സർക്കാർ ഉത്തരവ് (കൈ) നം. 115/2022/തസ്വഭവ തീയതി 28-05-2022 പ്രകാരം 800 ചതുരശ്രഅടിയിലധികരിക്കാത്ത നിലവിലുള്ള വീടിനോടു ചേർന്ന് 120 ചതുരശ്രഅടി വിസ്തീർണ്ണമുള്ള പഠനമുറി നിർമ്മിക്കാവുന്നതാണ്. ആകെ ധനസഹായ തുകയായ 2,00,000/-രൂപയിൽ 50,000/-രൂപ മുൻകൂർ ആയി നൽകാം. ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറുടെ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ 75,000/-രൂപ വീതമുള്ള രണ്ട് ഗഡുക്കളായിട്ടാണ് തുടർന്നുള്ള ധനസഹായം നൽകേണ്ടത്. എന്നാൽ പ്രസ്തുത പ്രോജക്ട് പ്രകാരം ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയതിന്റെ ഫയൽ പരിശോധിച്ചതിൽ ഒരു അപേക്ഷയിൽ പോലും മുൻപ് ഉണ്ടായിരുന്ന വീടിന്റെ വിസ്തീർണ്ണമോ പുതിയതായി നിർമ്മിച്ച വിസ്തീർണ്ണമോ, വാല്യവേഷൻ സർട്ടിഫിക്കേറ്റോ ചേർത്തിട്ടില്ല. അപാകതയ്ക്കു മേൽ വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്താക്കളുടെ നിലവിലുള്ള വീടിന്റെ വിസ്തീർണ്ണവും, പഠനമുറി നിർമ്മിച്ച ശേഷമുള്ള വിസ്തീർണ്ണവും, അസിസ്റ്റന്റ് എഞ്ചിനീയറുടെ മൂല്യനിർണ്ണയ സർട്ടിഫിക്കറ്റും ഹാജരാക്കിയിട്ടില്ലാത്തതിനാൽ ഈയിനത്തിൽ ചെലവഴിച്ച 62,00,000/- ലക്ഷം രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ - 1/18-8-2023.
തടസ്സപ്പെടുത്തിയ തുക – 62,00,000/-രൂപ.

1-16 ഡെപ്പോസിറ്റ് പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

ഡെപ്പോസിറ്റ് പ്രവൃത്തിയ്ക്കായി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി തുക നൽകിയെങ്കിലും നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| പ്രോജക്ട് | 104/23 | 88/23 |
| പ്രോജക്ട് നമ്പർ | ആലിൽ കുന്നംപുറം കുളക്കോട് – ഇളം ചിറ റോഡ് | പോച്ചക്കോണം വാളായിക്കോട് ഇടയ്ക്കിടം റോഡ് കോൺക്രീറ്റിംഗ് |
| അടങ്കൽ | 5,00,000/-രൂപ | 5,75,000/-രൂപ |
| ഫണ്ടിനം | വികസനഫണ്ട് ജനറൽ | വികസനഫണ്ട് ജനറൽ |
| ചെലവ് | 5,00,000/-രൂപ | 5,75,000/-രൂപ |
| ബിൽ നമ്പർ | 34/2022-23/7-2-2023 | 27/22-23/30-11-22-527000/-<br>36/22-23/16-2-23/48,000/- |
| തുക നിക്ഷേപിച്ച സ്ഥാപനം | കെ.ഐ.പി. (എൽ.ബി.) ഡിവിഷൻ | കെ.ഐ.പി. (എൽ.ബി.) ഡിവിഷൻ |
| റിമാർക്സ് | പണി പൂർത്തിയാക്കി. 3,89,395/- രൂപ | 4-4-2023 ന് സൈറ്റ് കരാറുകാരന് കൈമാറ്റം |

| | | |
|---|---|---|
| | ചെലവഴിച്ചിട്ടുണ്ടെന്നും ട്രഷറിയിൽ നിന്നും ബില്ല് മാറുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർ (കെ.ഐ.പി) അറിയിച്ചിട്ടുണ്ട്. (18-8-2023/D3-4181/2022) | ചെയ്തിട്ടുണ്ടെങ്കിലും തുടർച്ചയായ മഴ കാരണം നാളിതുവരെ പണി ആരംഭിച്ചിട്ടില്ല എന്നും 3-10-2023 വരെ ആണ് ഈ പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി എന്നും ആയത് പൂർത്തീയാക്കുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്നറിയിച്ച് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കെ.ഐ.പി.) കത്ത് നൽകി. (15-7-23 D/1111/2023) |

പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ ഈയിനത്തിൽ ചെലവഴിച്ച 10,75,000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗസാക്ഷ്യപത്രം, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ - 10/22-8-2023.

തടസ്സപ്പെടുത്തിയ തുക - 10,75,000/-രൂപ.

## 1-17 31,512/- രൂപ ജി.എസ്.ടി.- ടിഡിഎസ് ഇനത്തിൽ സ്രോതസ്സിൽ കുറവ് ചെയ്യാതെ തുക അനുവദിച്ചു

2017 ലെ ചരക്ക് സേവന നിയമം സെക്ഷൻ 51(1) പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ ജി.എസ്.ടി. ബാധകമായ സാധനങ്ങൾ/സേവനങ്ങൾ വാങ്ങുമ്പോൾ കരാർ തുക 2.5 ലക്ഷം രൂപയിൽ അധികമാകുമ്പോൾ സ്രോതസ്സിൽ നിന്നും ജി.എസ്.ടി.-ടി.ഡി.എസ്. നടത്തേണ്ടതാണ് എന്ന് കേന്ദ്ര ധനമന്ത്രാലയം 13/09/2018 ലെ വിജ്ഞാപനം നം. 50/2018 - Central Tax പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്.

പ്രോജക്ട് നം. 80/23 (ബ്ലോക്ക് പഞ്ചായത്ത് കോൺഫറൻസ് ഹാൾ നവീകരണം) പദ്ധതിക്കായി ARTCO യുടെ 7/3/2023 ലെ ഇൻവോയ്സ് നം. 619/ പ്രകാരം 18,59,201/-രൂപയുടെ (15,75,594/- + 2,83,606/- GST) ഫർണീച്ചർ സപ്ലൈ ചെയ്തതിന് 42/22-23/ 28-3-23, 7,46,572/-രൂപ + 44/22-23/31-3-23, 10,62,437/-രൂപ + 50,191/-രൂപ (തനതുഫണ്ട്)(ചെക്ക് നമ്പർ 6186424/19-7-2023) ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്നും ARTCOക്ക് അനുവദിച്ചിട്ടുണ്ട്. മേൽ നിയമ വ്യവസ്ഥ പ്രകാരം 31,512/- രൂപ ജി.എസ്.ടി.-ടി.ഡി.എസ്. ഇനത്തിൽ സ്രോതസ്സിൽ കുറവ് ചെയ്യാതെ തുക അനുവദിച്ചു. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ARTCO മാർച്ച് മാസം ജി.എസ്.ടി. ഒടുക്കിയതിന്റെ രേഖകൾ ലഭ്യമാക്കി. ആയത് പ്രകാരം ARTCO 1,06,96,451.72 രൂപ ഒടുക്കിയിട്ടുണ്ടെന്നും ആയതിൽ ഈ തുക ഉൾപ്പെട്ടിട്ടുണ്ടെന്നും ARTCO സാക്ഷ്യപ്പെടുത്തിയ മറുപടി ലഭ്യമാക്കി. ആയതിനാൽ ബ്ലോക്ക് പഞ്ചായത്തിന് സംഭവിച്ച നോട്ടപിശക് ഒഴിവാക്കണം എന്നും അറിയിച്ചിട്ടുണ്ട്. കരാർ തുക 2.5 ലക്ഷം രൂപയിൽ അധികമാകുമ്പോൾ സ്രോതസ്സിൽ നിന്നും ജി.എസ്.ടി-ടി.ഡി.എസ്. നടത്തേണ്ടതാണ് എന്ന് കേന്ദ്രധനമന്ത്രാലയം 13/09/2018 ലെ വിജ്ഞാപനം നം 50/2018-central Tax പ്രകാരം നിഷ്കർഷിച്ചിട്ടുള്ളത് പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-18 ചട്ടപ്രകാരമല്ലാതെ റീ-ടെന്റർ നടത്തിയതുമൂലം അധിക ചെലവ് : 27,206/-രൂപയുടെ നഷ്ടം

പ്രോജക്ട് നം. 55/22-23 തച്ചക്കോട് നെയ്യോട് റോഡ് കോൺക്രീറ്റിങ് . (PRICE3 Documentation)

TS No.27535/2022-5-1 Dtd.23.8.22.

അടങ്കൽ തുക -5,33,000/-രൂപ, വികസന ഫണ്ട് SCP.

ചെലവ് – 4,18,531/-രൂപ, Bill No. 18/31.3.23.

കരാറുകാരൻ : ശ്രീമതി. രമ്യ ആർ, ചാമവിള കൺസ്ട്രക്ഷൻസ്.

കരാർ നം. 34/AE/LSGD/KTRA/22-13/3.2.23.

ടി പ്രവൃത്തിയുടെ ആദ്യ ഇ-ടെന്ററിൽ ചുവടെ ചേർക്കുന്ന BID കൾ സമർപ്പിക്കപ്പെട്ടു.

[ LSGD/CELSGD/EST/27535/2022_5_1_1 ] Annual Plan-Kottarakkara BP 2022-23 Thachakkode Naithode Road Concreting-55/2022-23-General Civil Work

Comparative Chart

